

# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol. 20 No. 12 Newsletter December 2022




“വചനം ജഡമായി തീർന്നു; കൃപയും സത്യവും നിറഞ്ഞവനായി
നമ്മുടെ ഇടയിൽ പാർത്തു’ (യോഹ. 1:14)
“കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും;
അവന്നു ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള
ഇമ്മാനുവേൽ എന്നു പേർ വിളിക്കും”
(മത്തായി 1:22)

# MM Church Sunday School Anniversary



# CHURCH VOICE

20th year of publication

DECEMBER 2022



EDITORIAL BOARD

EDITOR

Mrs. Valsa D. S.

SUB EDITOR

Er. Ceragil Austin Prince

MEMBERS

Er. Premdas Justus
Adv. Sarjine Thomas
Dr.Christenson E.Sarasam
Dr. Samson Nessiah
Mr. L. J. Padmakumar
Mr. Zaem Enock
Mr. Jaichand Johnson
Mr. Livingstone A
Dr. Oliver Robertson G.
Dr. Thilaga Samson



ADDRESS

The Editor
Church Voice
M.M. Church
Trivandrum

Articles/Feedback may be sent to

churchvoice@gmail.com
Mob: 9037819570



Church Voice can be read online at our website

www.mateermemorialchurch.com

PRINTED AT

GRACE PRINTERS
Muttada. Ph: 9447059891


## CSI MATEER MEMORIAL CHURCH

**Regular Weekly Programme**

| | | |
|---|---|---|
| Week Days | Evening Prayer (Online) | 08:00pm |
| Sun | Choir Practice | 08:00am |
| | Malayalam Service | 09:00am |
| | Sunday School | 10:45am |
| | Men's Fellowship | 10:45am |
| | Women's Fellowship | 10:45am |
| | Senior Citizens' Fellowship | 10:45am |
| | BCL Union & JCF | 12:00noon |
| | Christian Endeavour Youth Fellowship | 12:00noon |
| | Young Family Fellowship | 12:00noon |
| | Prayer | 12:00noon |
| Wed | Gospel Band Visit | 05:00pm |
| Fri | Circle Prayer | 6:30pm |
| 2nd Sat | Fasting Prayer | 10:00am |



Letter from Presbyter

# പ്ലാറ്റിനം ജൂബിലി വരെ... 3

Rev. Dr. L.E. Sahanam



**റിഫോംഡ് ചർച്ചസ് (Reformed Churches)**

സഭാനവീകരണത്തെ തുടർന്ന് പാശ്ചാത്യ രാജ്യങ്ങളിൽ ധാരാളം സ്വതന്ത്ര സഭകൾ രൂപം കൊണ്ടു. പ്രധാനമായും മാർട്ടിൻ ലൂഥർ, ജോൺ കാൽവിൻ, ഉൾറിച്ചു സ്വിംഗ്ലി എന്നിവരുടെ വേദപുസ്തക വ്യാഖ്യാനങ്ങളും, ചിന്തകളുമാണ് ഈ സഭകളുടെ വേദശാസ്ത്ര അടിസ്ഥാനം. നവീകരണ മുദ്രാവാക്യങ്ങളായിരുന്ന വേദപുസ്തകം മാത്രം, യേശുക്രിസ്തു മാത്രം, ദൈവകൃപ മാത്രം, വിശ്വാസം മാത്രം, മഹത്വം ദൈവത്തിനു മാത്രം എന്നീ അഞ്ചുപ്രമാണങ്ങളും ഒട്ടുമിക്ക സഭകളും അംഗീകരിച്ചിരുന്നെങ്കിലും ഇവയുടെ വ്യാഖ്യാനങ്ങളിലെ വ്യത്യാസം വിവിധ സഭാ വിഭാഗങ്ങൾ രൂപം കൊള്ളുന്നതിനുകാരണമായി. തനതായ വ്യത്യസ്ഥതകൾ ഓരോ സഭയും പുലർത്തിയിരുന്നെങ്കിലും ഈ സഭകൾ പൊതുവെ ആദ്യകാലത്ത് അറിയപ്പെട്ടിരുന്നത് റിഫോംഡ് ചർച്ചസ് അഥവാ നവീകരണ സഭകൾ എന്നാണ്.

നവീകരണ കാലഘട്ടത്തെ സഭകളെക്കുറിച്ച് പറയുമ്പോൾ എടുത്തു പറയേണ്ടുന്ന ഒരു വസ്തുത പാശ്ചാത്യ രാജ്യങ്ങളിലെ (സമൂഹങ്ങളിലെ) സഭാ രൂപവത്ക്കരണവും അവയുടെ നടത്തിപ്പും അവിടത്തെ രാഷ്ട്രീയ വടംവലികളുമായി വളരെയേറെ ബന്ധപ്പെട്ടിരുന്നു എന്നതാണ്. ഇംഗ്ലണ്ടിലെ അവസ്ഥയെക്കുറിച്ച് മുമ്പ് സൂചിപ്പിച്ചുവല്ലോ. ജർമനിയിലെ കർഷക സമരവും (Peasant revolt) അതിനോട് മാർട്ടിൻ ലൂഥറും മറ്റ് നവീകരണ ചിന്തകരും സ്വീകരിച്ച നിലപാടുകളും, ഫ്യൂഡൽ വ്യവസ്ഥിതി നിലനിന്നിരുന്ന മറ്റു പാശ്ചാത്യ സമൂഹങ്ങളിൽ ഫ്യൂഡൽ പ്രഭുക്കന്മാർ തമ്മിലുണ്ടായിരുന്ന കിടമത്സരവും അവയോട് നവീകരണ നേതാക്കന്മാരുടെയും സഭാനേതൃത്വത്തിന്റെ സമീപനവും പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ രൂപപ്പെട്ട വിവിധ സഭാവിഭാഗങ്ങളുമായി ഏറെ കെട്ടുപിണഞ്ഞു കിടന്നിരുന്നു. പല ചെറു രാജ്യങ്ങളിലും അവിടത്തെ ഭരണ സംവിധാനത്തെക്കാൾ (Parliament) ശക്തമായിരുന്ന അവിടത്തെ സഭയുടെ പൊതുയോഗങ്ങൾ.

മൂന്നു പ്രധാന മേഖലകളിൽ നവീകരണ സഭകൾ വ്യത്യസ്ത പുലർത്തിയിരുന്നു. ഒന്ന്, സഭയുടെ അടിസ്ഥാന വിശ്വാസങ്ങൾ. രണ്ട്, സഭയുടെ ആരാധനാരീതികളും ആചാരക്രമങ്ങളും. മൂന്ന്, സഭാഭരണ സംവിധാനങ്ങൾ

**1. സഭയുടെ അടിസ്ഥാന വിശ്വാസങ്ങൾ**

കിഴക്കൻ സഭകൾ അഥവാ ഓർതഡോക്സ് സഭകൾ പേർപെട്ടു പോയശേഷം പാശ്ചാത്യ സഭയെന്നറിയപ്പെട്ടിരുന്ന റോമൻ കത്തോലിക്കാ

സഭ ഏതാണ്ട് പത്ത് നൂറ്റാണ്ടിലധികം കാലം മുറുകെ പിടിച്ചിരുന്ന ഇന്നും അങ്ങനെ തന്നെ ത്രിത്വ ദൈവവിശ്വാസവും അത് പ്രഖ്യാപിക്കുന്ന നിഖ്യാവിശ്വാസ പ്രമാണവും, അപ്പോസ്തൊല വിശ്വാസ പ്രമാണവും ഏതാണ്ടതേ പടി ഒട്ടുമിക്ക നവീകരണ സഭകളും പിൻതുടർന്നു. അതിനുപുറമെ വിശ്വാസ പരമായ വിഷയങ്ങളിൽ ജോൺ കാൽവിന്റെ വേദശാസ്ത്ര ചിന്തകൾക്കും, വേദപുസ്തക വ്യാഖ്യാനങ്ങൾക്കുമായിരുന്നു പ്രാമുഖ്യം. (അവയെക്കുറിച്ചു പിന്നാലെ വിശദീകരിക്കാം). ലൂഥറൻ സഭകളൊഴികെ മറ്റെല്ലാ സഭകളെയും അധികം സ്വാധീനിച്ചിരുന്നത് കാൽവിന്റെ ചിന്തകളാണ്.

**2. ആചാരങ്ങളും ആരാധനാരീതികളും**

സഭ അനുവർത്തിച്ചു വന്ന പല ആചാരങ്ങളും അനാചാരങ്ങളാണെന്നു വിമർശിച്ചു കൊണ്ടാണല്ലോ നവീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. മാർട്ടിൻ ലൂഥറിന്റെ വിമർശനങ്ങൾ പൂർണ്ണമായി ഉൾക്കൊണ്ടു കൊണ്ടു തന്നെയാണ് മറ്റ് നവീകരണ ചിന്തകളും പുതുതായി രൂപം കൊണ്ട സഭകളും മുന്നോട്ട് പോയത്. പാപമോചന ചീട്ട് വിലക്കുന്നത്, മറിയയോട് പ്രാർത്ഥിക്കുന്നത്, വിശുദ്ധന്മാരുടെ ദിനം ആചരിക്കുന്നത്, അവർ മധ്യസ്ഥത ചെയ്യാനപേക്ഷിക്കുന്നത്, ദേവാലയത്തിൽ വിഗ്രഹങ്ങൾ അഥവാ പ്രതീകങ്ങൾ സൂക്ഷിക്കുന്നത് തുടങ്ങിയവ അവയിൽ ഉൾപ്പെടും. അംഗ്ലിക്കൻ സഭ അവയിൽ ചിലത് പരിമിതമായ രീതിയിൽ തുടർന്നെങ്കിലും മറ്റെല്ലാ നവീകരണ സഭകളും അത്തരം ആചാരങ്ങളോടു മുഖം തിരിച്ചു.

**ആരാധനാരീതികൾ**

ആംഗ്ലിക്കൻ സഭകൾ ആരാധനാഭാഷ ഇംഗ്ലീഷാക്കി മാറ്റിയെന്നതൊഴിച്ചാൽ (മറ്റു പ്രദേശങ്ങളിൽ അതതുദേശത്തെ പ്രാദേശികഭാഷയിൽ) ലിത്താനി കേന്ദ്രീകൃതമായ ഒരാരാധന രീതി തന്നെ പിൻതുടർന്നു. ബുക്ക് ഓഫ് കോമൺ പ്രെയർ (പൊതു ആരാധനാ പുസ്തകം) എന്നൊരു ആരാധനാ - പ്രാർത്ഥനാക്രമവും 1542-ൽ അവർ തയ്യാറാക്കി. (ഇന്നും വലിയ മാറ്റങ്ങൾ ഒന്നും വരുത്താതെ അവർ അത് പിൻതുടരുന്നു. ബ്രിട്ടീഷ് കോളനികളിലെ ആംഗ്ലിക്കൻ സഭകളിൽ സമീപകാലം വരെ രാജാവിന് / രാജ്ഞിക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനകൾ ഉൾപ്പെടുത്തിയിരുന്നു).

ലൂഥറൻ സഭകൾക്കും ലിത്താനീ കേന്ദ്രീകൃത ആരാധനക്രമത്തോടായിരുന്നു താല്പര്യം. ലൂഥറിന്റെ വേദശാസ്ത്ര ചിന്തകൾ ഉൾപ്പെടുത്തി അവരുടെതായ ആരാധന പുസ്തകത്തിനു ലൂഥറൻ സഭകൾ രൂപം നൽകി. എന്നാൽ മറ്റു സഭകൾ മിക്കതും സ്വതന്ത്രമായ ആരാധനാരീതികൾ ആവിഷ്കരിച്ചു. പല സഭകളും ആരാധനാ പുസ്തകത്തിന്റെ സഹായമില്ലാതെ തന്നെ ഞായർ ആരാധനകളും മറ്റു വിശേഷ ദിനാരാധനകളും തൽസമയ പ്രാർത്ഥനകളുടെ (extemporary) സഹായത്താൽ ആരാധനകൾ നടത്തി

തുടങ്ങി. വേദപുസ്തകഭാഗങ്ങളും, സങ്കീർത്തനങ്ങളും, പാട്ടുകളും, ദീർഘമായ പ്രാർത്ഥനകളും വിശദമായ വേദപുസ്തക പ്രഭാഷണങ്ങളും ആരാധനകളുടെ അവിഭാജ്യ ഘടകമായി. എൽ.എം.എസ്. മിഷനറിമാർ പ്രവർത്തനം ആരംഭിച്ച പ്രദേശങ്ങളിൽ ഇത്തരം ഒരു ആരാധനാരീതിയാണ് അവലംബിച്ചു വന്നിരുന്നത്. പൊതു ആരാധനകളോടൊപ്പം സഭാശുശ്രൂഷകരുടെ ഭവനസന്ദർശനവും വീട്ടു പ്രാർത്ഥനകളും പ്രാർത്ഥനാക്കൂട്ടായ്മകളും ഇത്തരം സ്വതന്ത്ര സഭകളുടെ ശുശ്രൂഷകളുടെ പ്രധാന ഘടകങ്ങളായിരുന്നു.

**3. സഭാഭരണ വ്യവസ്ഥ** (Church Polity)

സഭാ നവീകരണത്തെത്തുടർന്ന് ഏറെ തർക്കങ്ങൾ ഉടലെടുത്ത് സഭാഭരണ വ്യവസ്ഥയെ ചൊല്ലിയാണ്. സി.എസ്.ഐ. സഭാ രൂപവത്കരണ സമയത്തും ഏറെ ചർച്ചകൾ നടന്നതും ഈ വിഷയത്തെ സംബന്ധിച്ചാണ്. ഇന്നും അതു തന്നെയാണ് സഭയെ ഗ്രസിച്ചിരിക്കുന്ന കാതലായ പ്രശ്നവും. ആംഗ്ലിക്കൻ സഭ രാജാവ്/ രാജ്ഞിയാണ് സഭയുടെ ഭരണകർത്താവ് എന്ന് പറഞ്ഞെങ്കിലും സഭക്കുള്ളിലെ ഭരണ വ്യവസ്ഥ ഏതാണ്ട് കത്തോലിക്കാ സഭാ സംവിധാനത്തിനു സമാനമായ ബിഷപ്പ് (ആർച്ച് ബിഷപ്പ്) വികാർ/ പുരോഹിതൻ / ഡീഖൻ (എൽ.എം.എസ്. പാരമ്പര്യമുള്ള സഭകളിലെ ഡീഖൻ അല്ല) എന്നീ മൂന്നു തലത്തിലുള്ള പൗരോഹിത്യ ക്രമത്തിനു മുൻതൂക്കമുള്ള ഭരണക്രമമാണ് സ്വീകരിച്ചിട്ടുള്ളത്. ലൂഥറൻ സഭകളിൽ ബിഷപ്പിനെ അംഗീകരിച്ചിട്ടുള്ള സഭകളും, ബിഷപ്പില്ലാത്ത കോൺഗ്രിഗേഷണൽ സ്വഭാവമുള്ള സഭകളുമുണ്ട്. എന്നാൽ റിഫോംഡ് വിഭാഗത്തിൽപ്പെടുന്ന മറ്റു സഭകളധികവും തികച്ചും വ്യത്യസ്ഥമായ സഭാഭരണക്രമമാണ് സ്വീകരിച്ചിട്ടുള്ളത്. യൂറോപ്പിലുണ്ടായ പല സ്വതന്ത്ര സഭകളുടെയും ആവിർഭാവം തന്നെ സഭാഭരണ സംവിധാനത്തിന്റെ അടിസ്ഥാനത്തിലാണ്. അവയിൽ പ്രധാനപ്പെട്ട ഒരു സഭാവിഭാഗമാണ് പ്രെസ്ബിറ്റീരിയൻ സഭകൾ. അവയെക്കുറിച്ച് അടുത്ത ലക്കത്തിൽ വായിക്കാം.

**മാനവരാശിക്കു ലഭിച്ച സാർത്ഥകമായ
പ്രതീക്ഷയാണ് ക്രിസ്തുമസ്.
പ്രതീക്ഷകൾ മനുഷ്യജീവിതത്തിന്റെ
മൃതസഞ്ജീവനികളാണ്.
ഓരോ ക്രിസ്തുമസ്സും ക്രിസ്തുവിന്റെ
ആത്മാവിലേക്കുള്ള തീർത്ഥാടനമായിത്തീരണം**



# REPORT OF ACTIVITIES

**Dear friends in Christ,**

Greetings in the gracious name of our Lord and Saviour Jesus Christ. I am delighted to report the activities during the month of November 2022. Worship services were conducted on all Sundays at 9.A.M. World Sunday School day was celebrated on 6th November. Sunday school procession was conducted in the campus with the participation of all students and teachers. The sermon on the day was by Ms. Ashlin Neha Sarjine, encouraging all to work for the Lord and lead a faithful life.

CEYF Cottage prayer was conducted on 11th at the residence of Ms. Preetha Bose. Fasting prayer was conducted on 12th November lead by Rev. Sujin Jacob. On 13th November Youth Sunday was celebrated. Worship service was lead by C.E.Y.F Members. The Sermon by Adv. Roy Yesudas was fruitful equipping all to be the ambassadors of Christ and work together for the glory of God.

Sunday School annual examination was conducted on 13th November. The Sunday school anniversary was conducted on 26th. The talent development session for Sunday School students was conducted on 27th November, lead by Dr. Christenson E. Sarasam. Practice for Choir and Carol rounds were conducted. Committees for Thanks Giving Service and Annual Fancy sale worked hard to make proper arrangements.

The activities of Charity Committee, Legal Team, M.M.C.C.F, Gospal Band House Visits and Prayers were carried out regularly during the month. Requesting all your support, prayers and action to achieve our goal.

With warm regards,

**C.F. Santhosh Kumar**

# ലോകത്തിൻ പാപങ്ങൾ നീക്കാൻ



**T. Jayakumar Alfred**

ലോകത്തിന്റെ പാപങ്ങൾ നീക്കാൻ
ലോകത്തിൻ ശാപങ്ങൾ മാറ്റാൻ (2)
ഉണ്ണിയേശു പിറന്നിതാ ഭൂവിൽ
ഉന്നതം വിട്ടങ്ങു താണിറങ്ങി (2)

കോറസ്:

*പാടിസ്തുതിച്ചീടാം രാജാവിനെ വാഴ്ത്തി വണങ്ങീടാം*
*ദിവ്യപൈതലെ (2) വന്ദിച്ചിടാം...*
*ആരാധിക്കാം ഗീതങ്ങൾ പാടിപ്പുകഴ്ത്തീടാം (2)*

ചരണങ്ങൾ:

1. വചനം ജഡമായ കർത്താവേ
വചനത്താൽ അനുഗ്രഹം ചൊരിയേണമേ (2)
പുൽക്കൂട്ടിൽ പിറന്ന മശിഹായേ പുതുക്കേണം
ഞങ്ങൾ തൻ ഹൃദയങ്ങളെ (2)
2. ശാന്തി സമാധാനം നൽകീടുവാൻ ശാന്തനായ്
അവതാരം ചെയ്ത നാഥാ (2)
പാപങ്ങൾ നീക്കി വെടിപ്പാക്കണേ
പാപിയാം എന്നെ നീ കൈവിടല്ലേ (2)



## പ്രതിവാര ധ്യാനം

**ഡിസംബർ 4**, വിഷയം: **വേദപുസ്തക ഞായർ**
യിരെ. 36:1–10, സങ്കീ. 118:89–96, എബ്രാ. 4:11–13, ലൂക്കൊ. 1:5–17

**ഡിസംബർ 11**, വിഷയം: **ആഗമനത്തിന്റെ മൂന്നാം ഞായർ**
യെശ. 7:10–17, സങ്കീ. 98, 1 പത്രോ. 3:8–16, മത്താ. 1:18–25

**ഡിസംബർ 18,** വിഷയം: **ആഗമനത്തിന്റെ നാലാം ഞായർ**
മീഖാ. 4:1–5, സങ്കീ. 126, 1 യോഹ. 4:7–21, യോഹ. 4:21–37

**ഡിസംബർ 25,** വിഷയം: **ക്രിസ്തുമസ്**
ആവ. 6:1–17, സങ്കീ. 20, എഫെ. 2:4–9, മത്താ. 2:13–23

# CELEBRATION OF ALL DENIED ROOM ON EARTH



**Dr. Christenson E. Sarasam**

God's search for room in the midst of his creation is Christmas. In fact, many of us are like that inn-k**eeper who confessed: 'There is no room for Jesus'.** "They laid him in a manger; because there was no room for them in the inn" (Luke 2:7). Joseph and Mary were subject to denial and victimization. Christmas is a celebration of those denied rooms. Those who are rejected and dejected, isolated and alienated, baffled and battered, displaced and persecuted. But, the one who was denied room to be born in the inn was indeed the creator, protector, sustainer and provider of all those who are room-less in this world.

The question raised in the present day world is: "Are we room providers? **Do we have space to spare?**" If our heart is filled with bitterness, jealousy, rivalry and revenge, Christmas will be meaningless to us. Do we provide space to Christ in our official vocations, social circles, government levels, educational institutions, judicial system and very especially in our own lives? Remember, Jesus is with those whom we had casually, carelessly, callously and contemptuously cast away from our heart, family, work place, church and community. Christmas is a festival to refresh, revive, restore and offer love, justice, mercy and care to those who are denied these prime benefits in life.

Christmas cribs are mostly set up in church premises during this season. When such mangers are positioned inside/outside our church or home, let us examine ourselves to ascertain whether a manger is getting prepared in our heart. The fact of the matter is that Jesus has already migrated outside much ago with those who were denied room. "Jesus came to his own, and his own received him not" (John 1:11). While this is a reality, are we really serious in setting up the manager? **When our heart and life unconditionally and unquestionably provide room for**

**wife, husband, children, parents, neighbours and even for our enemies – true Christmas has already set in.**

Meaning and spirit of Christmas is indeed revealed by those who are denied room in their respective life situations. Mary, the mother of Jesus is a representative of those who are denied space consequent on the statutes of law. According to the prevalent cultural, moral principles and doctrines, Mary was denied space in the heart of Joseph who was to become her husband. When Joseph decided to accept Mary against the background of the stringent marriage laws of his days, he was denied room in the sight of his peers and contemporaries. Moreover, Mary was denied the essential private space to give birth to the infant child.

It was for the shepherds who were denied space in mainstream society that the divine message became a unique experience. The expectations of prophetic truths and the space for several children to live in this world were all shattered and denied through the decree of King Herod. The room for the creator to be born into the world and to live upon earth were all lost. But, the incarnation of Christ provided space for many to enter into the eternal kingdom. The space for death which is the punishment for wages of sin was nullified by the death of Jesus Christ on the cross of Calvary. Moreover, entry to eternity beyond death was ensured. For many who lost direction, hope, peace, meaning, courage and energy, the birth and the ministry of Jesus became the significant reason to receive room for their lives. **Jesus restored room for the world through his journey from the cradle in the manger to the cross at Golgotha bearing the cross.**

The greatest challenge raised by Christmas is to create “rooms” in our earthly existence. In the background of denial and rejection, Christmas is a clarion call to think widely about rooms, redefine rooms and renovate rooms. This room or space is to be created primarily in our individual lives. **The fundamental challenge of each Christian is to provide room for Jesus in the throne of one’s own heart for Christ to dwell inside permanently.** When we become room-providers, we become part of the real Christmas and we are indeed a channel of love, joy and peace imparting happiness and blessing to our generation.

**ഭക്തിഗാനത്തിനു പിന്നിലെ കഥ**

# ഹാ! മാധുര്യകീർത്തനം



**Albert Livingstone**

ഹാ! മാധുര്യകീർത്തനം
ശോഭിത പ്രകാശവും
വാനദൂതരാകാശെ
ഗാനങ്ങളുതിർത്തഹൊ
താരങ്ങൾ ഘോഷിച്ച വാർത്ത
ക്രിസ്തുരാജൻ ജാതനായി

ഭൂവിൽ വാസം ചെയ്യുവാൻ
പാരിടെ, ജാതനായ്
യേശുതാൻ ഇമ്മാനുവേൽ

കർത്തൻ ജന്മഘോഷണം
ഇന്നും ശോഭാ പൂരിതം
ലോകമെങ്ങും വീശട്ടെ
ദിവ്യദൂതിൻ ഗാനങ്ങൾ

ഏവരും ഏകമായ് പാടീൻ
ക്രിസ്തുരാജൻ ജാതനായി- ഭൂവിൽ
ഹാ! മാധുര്യദിവ്യനാൾ
രാജനെ പുകഴ്ത്തും നാൾ
ഏകനായ് നാം വാഴ്ത്തുക
തൻ മഹത്വസ്നേഹത്തെ

ഏവരും ഘോഷിച്ചീടട്ടെ
ക്രിസ്തുരാജൻ ജാതനായി - ഭൂവിൽ

ജോൺക്രോസ്ബിയുടെയും മേഴ്സി സെൽവനെസിന്റെയും മകളായി 1820 മാർച്ച് 24 - നു ന്യൂയോർക്കിനടുത്ത് ഒരു ഗ്രാമത്തിൽ **ഫാനിക്രോസ്ബി** ജനിച്ചു. 6 ആഴ്ചമാത്രം പ്രായമായപ്പോൾ, കണ്ണിനുണ്ടായ നേരിയ അസുഖത്തിനു തെറ്റായ ചികിത്സമൂലം കാഴ്ച നഷ്ടപ്പെട്ട ഫാനി ആയുഷ്ക്കാലം മുഴുവൻ അന്ധയായി. അന്ധവിദ്യാലയത്തിൽ വിദ്യാഭ്യാസം നേടിയ അവൾ പിൽക്കാലത്ത് 9000-ലേറെ ഭക്തിഗാനങ്ങൾ രചിച്ചു. അവളുടെ അന്ധതയെ ഒരിക്കലും പഴിച്ചിട്ടില്ല. അതു ദൈവനിശ്ചയമായി വിശ്വസിച്ച് ദൈവ മഹത്വം പ്രകീർത്തിക്കുന്നതിനായി ജീവിതകാലം മുഴുവൻ ഉപയോഗിച്ചു.

ഫാനിയുടെ ഗാനങ്ങൾ ഏറെയും വേദവാക്യങ്ങളുമായി ചേർന്നവയാണ്. പ്രധാനവാക്കുകളോ ശൈലികളോ, വാക്യാംശങ്ങളോ ആവർത്തിച്ച് പ്രയോഗിച്ച് മനസ്സുകളിൽ അവയെ ആഴത്തിൽ ഉറപ്പിക്കുന്നു. ഈ ഗാനത്തിലും യേശു ഇമ്മാനുവേൽ ആണെന്നുള്ള വാക്യശകലം പല്ലവിയിൽ **'God with us, God with us Immanuel'** എന്ന് ഊന്നിപ്പറയുന്നു. ഫാനി രചിച്ചിട്ടുള്ള ക്രിസ്തുമസ് കവിതകളിൽ വെച്ച് ലളിതവും ക്രിസ്തുമസ് ദൂത് സംക്ഷിപ്തമായി ഉൾക്കൊള്ളിച്ചിട്ടുള്ളതുമായ മറ്റൊരു ഗാനമില്ല.

ഫാനി രണ്ടു ദിവസങ്ങളിലാണ് ഭവനത്തിൽ തന്നെ ആയിരിക്കാൻ ശ്രമിച്ചിട്ടുള്ളത്. അത് ഒന്നു മാതാവിന്റെ ജന്മദിനവും മറ്റൊന്നു ക്രിസ്തുമസ് ദിവസവുമായിരുന്നു. 1914-ൽ ഫാനിയക്കു നേരിയ ഹൃദയാഘാതമുണ്ടായി.

1915-ൽ സുരക്ഷിതമായ 'യേശുവിൻ മാർവ്വിൽ ചാരി' നിത്യ സ്വസ്തതയിൽ പ്രവേശിച്ചു.

ഈ ഗാനത്തിനു ഈണം പകർന്നത് റോബർട്ട് ലൗറി എന്ന സംഗീതജ്ഞനും സുവിശേഷകനുമാണ്. ബാപ്പ്ടിസ്റ്റ് വൈദികനായ ലൗറി പ്രസംഗത്തിൽ കൂടിയുള്ളതിനേക്കാൾ ഗാനങ്ങളിൽ കൂടി ജനങ്ങളെ ആകർഷിച്ചിരുന്നു. ഫാനിയുടെ കവിതകൾക്കു സംഗീതം പകരുന്നതിൽ പ്രമുഖനായിരുന്നു ലൗറി. 1875-ൽ ഫാനിയും ലൗറിയും ചേർന്നു രൂപം നൽകിയ ഗാനങ്ങളുടെ ഒരു സമാഹാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**Never shone a light so fair**

**Never fell so sweet a song** എന്നിങ്ങനെ തുടങ്ങുന്ന ഈ കരോൾ ഗാനം ഇന്നു വിവിധ ഭാഷകളിൽ ലോകമെങ്ങും പാടപ്പെടുന്നു.

"അവനു ദൈവം നമ്മോടുകൂടെ' എന്നർത്ഥമുള്ള 'ഇമ്മാനുവേൽ' എന്നു പേർ വിളിക്കും" (മത്താ. 1:22)

# MM CHURCH CHOIR

The following divisions of our church choir, viz:-

1. MM Church General Choir
2. MM Church Male Voice Choir
3. MM Church Ladies Choir
4. MM Church Junior Choir
5. MM Church Choir Orchestra

are participating in the Christmas concert convened by the Society for Orchestral and Choral Music, Trivandrum at 6.15 pm on Thursday the 26th January 2023 at Christ Church Centenary Hall, Palayam.

Two Christmas Anthems, composed by Caleb Simper will be performed by a Mass Choir of 150 voices, combining all participating choirs.

(All are cordially invited)

**Er. Joshi Das Y. S.**
*(Choir Secretary)*

**Premchand Johnson**
*(Choir Master)*

# ബെത്‌ലഹേം വിളിക്കുന്നു



**Jose H. Johns**

ബെത്‌ലഹേം വിളിക്കുന്നു
നിന്നെയെൻ സോദരാ
നിൻ ഹൃദയമാം പുൽക്കൂടതിൽ
നാഥന് ഇടമേകുമോ
മഞ്ഞുമൂടും താഴ്‌വരയിൽ
കളകളം പാടുന്നു രാപാടികൾ (2)
തഞ്ചമായി പാടുന്നു കോകിലങ്ങൾ
തിരുജനനം പാടിടുന്നു വാഴ്ത്തീടുന്നു (2) (ബെത്‌ലഹേം)

1. കാലിത്തൊഴുത്തിൽ പുൽമെത്തയിൽ
പുഞ്ചിരി തൂകും പൈതലവൻ (2)
മേരിതൻ സുതനായി പാരിതിൽ ജാതനായി
നിൻ പാപഭാരങ്ങൾ നീക്കിടുവാൻ (2) (ബെത്‌ലഹേം)

2. ദൂരവേ നിന്നും വന്നു രാജാക്കൾ
മൂരു പൊൻ കാഴ്ചകൾ അർപ്പിച്ചീടാൻ (2)
കാഴ്ചകളുമായി പോയിടാം ബേതലേ
രാജാധിരാജനെ വണങ്ങീടുവാൻ (2) (ബെത്‌ലഹേം)

## Congratulations



***Jibin Mohan*** *who secured 641 marks in NEET Entrance examinations and got admission for MBBS in Govt. Medical Colllege, Kottayam. He is son of Dr. Rajmohan & Dr. Tessy.*
*Family No: 1737*
*Mob: 9446179024*

# SPIRITUAL JOURNEY OF JESUS CHRIST



**Daniel Wellington**

God always saved people by faith in Christ and no other way, both in the Old Testament and in the New.  This is understood by the Psalmist when he cried under inspiration of the Holy Spirit.

The Bible is the revelation of the heart of God.  It is the revelation of all that is good, right, true and pure.  And prayer that is not based on the Bible is not likely to be pleasing to God.  To pray in the will of God, one needs the leadership of the Holy Spirit. Every Christian can have the Holy Spirit to help him pray! And prayer that is inspired and guided and aided by the Holy Spirit can be assured of an answer.  When one prays according to the will of God, then that prayer will be answered.

The Bible teaches that God delights to answer prayer.  It gives us many great and exceedingly precious promises about what God will do for those who come to Him in prayer.  The answers to prayer were really the supernatural intervention of a loving God who works miracles for His children when they trust Him.

Any person can get instant forgiveness for any sin he is willing to confess with his whole heart; and he can get cleaning too.  He has the word of God for it!  It would be a sin for a Christian to doubt that God is ready instantly to forgive and cleanse him who honestly confesses that sin.  Someone has well said that any prayer that begins in Heaven will certainly not be rejected there.

The Holy Spirit is called “the Comforter” by our Saviour (John 14:16; 15:26; 16:7.  This “Comforter” is the translation of the Greek word Parakletos, meaning ‘’one called alongside.’’   So the blessed Holy Spirit is alongside every Christian.  The Holy Spirit dwelled with the apostles before the resurrection.  But in the future after Christ was glorified, the Holy Spirit is promised to be within us.  So when Jesus rose from the dead, He breathed

on the disciples and said, ‘’Receive ye the Holy Ghost’’ (John 20:22). Now since that time, every saved person has the Holy Spirit abiding in his body. Romans 8:9 says ‘’But ye are not in the flesh, but in the Spirit, if so he that the Spirit of Christ, he is none of his.’’

The Spirit of God dwells in us who are saved; and if anybody does not have this Spirit of Christ, this Holy Spirit dwelling in him, he is not saved. The body of every Christian is a temple of the Holy Spirit of God Who dwells within. Oh how eager this blessed Holy Spirit is to comfort us, to guide us into all-truth, and to teach us!

Prayer is universal. It is in the very nature of God to answer prayer, even for unworthy creatures. God was delighted with the prayers of Enoch, who walked and talked with Him and took him on to Heaven bodily, translating him that he should not die. He heard the prayer of Abraham, the ‘‘friend of God,’’ and delivered Lot from Sodom and gave Abraham the child in his old age. Later it was His delight to answer the prayers of Elijah - raising the dead, sending fire from Heaven, giving drought and rain, and then taking him to Heaven.

There is a God and He answers prayer. That sums up all the Creed absolutely necessary to please God and come to Him.

God needs you! God is looking for ordinary people for extraordinary work. And, God broke into human history to offer us the gift of Eternal Life.

**രാജകീയ വ്യവസ്ഥകൾ പോലെ മതവും,
ദൈവാലയ സംവിധാനങ്ങളും അപകടകരമായ
പ്രവണതകൾ സൃഷ്ടിക്കപ്പെടുമ്പോൾ കാത്തിരിപ്പിന്റെ
സ്വപ്നം പേറിയവർ ക്രിസ്തു സാമീപ്യത്തെ
അനുഭവിക്കുകയാണ്. ദൈവരാജ്യത്തിന്റെ ആശയവും
ആവിഷ്കാരങ്ങളും പ്രായോഗികമാക്കുന്ന ക്രിസ്തു
സംഭവ ചരിത്രത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട
പ്രഖ്യാപനമാണ് നിങ്ങൾക്ക് സമാധാനം എന്നുള്ളത്.**



# ദൈവം മനുഷ്യനായി!

**Rt. Rev. William Paul Vachalan**

**വന്ദ്യ ബിഷപ്പ് വില്യം പോൾ വാചാലൻ ബിഷപ്പായി സ്ഥാനാരോഹണം ചെയ്യപ്പെട്ടശേഷം പ്രഥമ ക്രിസ്തുമസ്സിന് (1967) രാവിലെ നമ്മുടെ മെറ്റീർ മെമ്മോറിയൽ ദൈവാലയത്തിൽ ചെയ്ത പ്രസംഗമാണിത്.**

നാം ക്രിസ്തുമസ്സ് ആഘോഷിക്കുന്നതിനുള്ള അടിസ്ഥാനം മത്തായി, ലൂക്കോസ് എന്നീ സുവിശേഷങ്ങളിലെ യേശുക്രിസ്തുവിന്റെ ജനനസംബന്ധമായ വിവരണങ്ങളാണ്. ഈവക വിവരങ്ങൾ ഒന്നും കൂടാതെ ദൈവവചനത്തെക്കുറിച്ചുള്ള ഒരു ഗാനമാലപിച്ചുകൊണ്ടാണ് വി. യോഹന്നാൻ തന്റെ സുവിശേഷം ആരംഭിച്ചിരിക്കുന്നത്. നിത്യനായ ദൈവത്തെ കേന്ദ്രമാക്കിയാണ് അദ്ദേഹം സുവിശേഷം അവതരിപ്പിക്കുന്നത്. ദൈവം നിത്യമാണ്. ആ അടിസ്ഥാനത്തിൽ മാത്രമെ നമുക്കു ദൈവത്തെക്കുറിച്ചു ചിന്തിക്കാനാവൂ. ഇതിൽ കുറെ അവ്യക്തത ഉണ്ട്. അത് ഒഴിവാക്കുന്നതിനത്രെ മത്തായി, ലൂക്കോസ് സുവിശേഷകന്മാർ യേശുവിന്റെ ജനനം ഒരു പ്രത്യേക സ്ഥലത്തും സമയത്തും നടന്ന കാര്യം ഊന്നിപ്പറയുന്നത്. അവൻ ഒരു കാലിത്തൊഴുത്തിൽ ജനിച്ചു. യോസേഫും മറിയയും നസറെത്തിൽ നിന്ന് യാത്ര ചെയ്ത് തങ്ങളുടെ പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതിനാണ് ബേദ്ലേഹെം പട്ടണത്തിലേക്ക് വരുന്നത്. അത് ഔഗുസ്തൊസ് കൈസരുടെ ആജ്ഞയനുസരിച്ചുമാണ്. ഔഗുസ്തോസ് കൈസർ റോമാ ചക്രവർത്തിയായിരുന്നു. യേശുവിന്റെ ജനനത്തെ ചരിത്രവുമായി ബന്ധപ്പെടുത്തി കാലനിർണയം ചെയ്യുവാൻ സഹായിക്കുന്നു. നിയമപ്രകാരം ജനങ്ങൾ അവരവരുടെ പിതൃനഗരങ്ങളിൽ പോയി പേരുകൾ രജിസ്റ്റർ ചെയ്യണം. യേശുവിന്റെ മാതാപിതാക്കൾ ഈ നിമയം പാലിക്കുന്നതിലൂടെ യേശു ഒരു പ്രത്യേക സ്ഥലത്ത് ജനിച്ചു എന്ന് വ്യക്തമാകുന്നു. ഇനി വിശദാംശങ്ങളിലേക്കു കടക്കാം.

യഹൂദന്മാരുടെ ഇടയിൽ ഒരാൺകുട്ടി ജാതനാകുമ്പോൾ പാട്ടുകൾ പാടി അയൽ വാസികളെ അറിയിക്കുക പതിവായിരുന്നു. യേശു ജനിച്ച് അവനെ പുൽത്തൊട്ടിയിൽ കിടത്തിയപ്പോൾ പാട്ടുപാടുവാനോ അതു കേൾക്കുവാനോ അവിടെ ആരുമുണ്ടായിരുന്നില്ല. ചുറ്റുമുള്ളത് കാലികൾ മാത്രം, അപ്പോഴാണ് മാലാഖമാർ ആ കൃത്യം നിർവഹിച്ചത്. ലോക സ്ഥാപനത്തിനുമുമ്പ് നിത്യനായ ദൈവത്തിന്റെ നിർണയമനുസരിച്ച് നടന്ന ഈ

ജനനത്തെക്കുറിച്ച് പാടുന്നത് മാലാഖമാരായതു തികച്ചും ഉചിതമായി. പക്ഷേ ആരാണ് ഈ ഗാനം കേട്ടത്? ആടുകളെ മേച്ചു സംരക്ഷിക്കുന്ന അജപാലകന്മാർ. അവർക്കാണ് ആ ഭാഗ്യം സിദ്ധിച്ചത്. യഹൂദന്മാരുടെ മാതൃക രാജാവായിരുന്ന ദാവീദ് പാടിയിട്ടുണ്ട്: 'യഹോവ എന്റെ ഇടയനാകുന്നു' എന്ന്. അദ്ദേഹവും ഒരു ആട്ടിടയനായിരുന്നു. നല്ല ഇടയൻ ജനിച്ചപ്പോൾ ആ വാർത്ത ആദ്യം ശ്രവിച്ചത് ഇടയാന്മാരാണെന്ന വസ്തുത വളരെ അന്വർത്ഥമായിട്ടുണ്ട്. 'കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു' എന്നാണ് മാലാഖമാർ പറഞ്ഞത്.

കർത്താവ് എന്നത് യഹോവയായ ദൈവത്തിനു ഉപയോഗിച്ചുവന്ന ഒരു പദമാണ്. യഹോവ എന്ന പേര് യഹൂദന്മാർ ഉച്ചരിക്കുമായിരുന്നില്ല. കാരണം അതു ദൈവത്തിന്റെ പേരാണ്. അതിനുപകരം 'യഹോവ' എന്നു വായിക്കേണ്ടിടത്തെല്ലാം അദോനായ് എന്നു വായിക്കുമായിരുന്നു.

ദൈവത്തിനുമാത്രമെ ഈ പദം ഉപയോഗിയ്ക്കുകയുള്ളൂ. വേറെ ആർക്കും അതു ഉപയോഗിച്ചു കൂടാ. ഏലിയാവു കർമ്മേൽ പർവ്വതത്തിൽ വച്ച് പ്രഖ്യാപിക്കുന്നത് 'യഹോവയാകുന്നു ദൈവം വേറെ ആരുമില്ല'. ഇപ്പോൾ ജനിച്ച് പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെ 'കർത്താവ്' എന്നു വിളിച്ചാൽ അതിന്റെ അർത്ഥം ദൈവമാകുന്നു എന്നാണ്. ദൈവം മനുഷ്യനായി പിറന്ന് പുൽത്തൊട്ടിയിൽ കിടക്കുന്നു. നമുക്ക് ഈ പ്രഖ്യാപനത്തിൽ വലിയ പുതുമ തോന്നിയില്ലെങ്കിലും അന്നത്തെ കേൾവിക്കാർക്കും വായനക്കാർക്കും അതു പുതുമ നിറഞ്ഞതാ യിരുന്നു. അംഗീകരിക്കാൻ പ്രയാസമുള്ളതുമായിരുന്നു.

**'ക്രിസ്തു'** എന്നതിന് എബ്രായ ഭാഷയിൽ **'മശിഹ'** എന്നും യവനഭാഷയിൽ 'ക്രിസ്റ്റസ്' എന്നുമാണ്. അതിന് അഭിഷിക്തൻ എന്നർത്ഥം. പഴയനിയമത്തിൽ ദൈവത്തിന്റെ പ്രതിനിധിയാണ് അഭിഷിക്തൻ വൈസായി എന്നു പറയാം. ദൈവത്തിനുപകരം ദൈവജനത്തെ ഭരിക്കുന്നതിന് ശൗലിനെ അഭിഷേകം ചെയ്തു. ദാവീദിന്റെ രാജത്വം തന്റെ വംശത്തിലൂടെ ശാശ്വതമായിരിക്കണമെന്ന് ദൈവം ആഗ്രഹിച്ചു. എന്നാൽ ചരിത്രപരമായ കാരണങ്ങളാൽ ആ വംശപരമ്പര തകർന്നു. അതുകൊണ്ട് ഇനി ദൈവം തന്നെ ഇറങ്ങി വരണമെന്നായിരുന്നു യഹൂദന്മാരുടെ പ്രതീക്ഷ. അങ്ങനെ പ്രതീക്ഷിക്കപ്പെട്ട മശീഹ വന്നിരിക്കുന്നു എന്നാണ് മാലാഖമാർ പ്രഖ്യാപിക്കുന്നത്.

**'രക്ഷിതാവ്'** എന്ന പേര് പഴയനിയമത്തിൽ വളരെ അധികം പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. ആളുകൾക്ക് വളരെ ഇഷ്ടപ്പെട്ട ഒരു പേരായിരുന്നു അത്. ഈ അർത്ഥമുള്ള പേരുകൾ പഴയ നിയമത്തിൽ കാണാം. യോശുവ, യോശീയാവ്, യെശയ്യാവ് എന്നിവ ഒരേ അർത്ഥം ഉള്ളവയാണ്. അതായതു രക്ഷിക്കുന്നവൻ.

ദൂതൻ യോസേഫിനോടു ഇക്കാര്യം വ്യക്തമായി പറയുന്നു

ശേഷം പേജ് 18 കാണുക



# സുന്ദര രാത്രി

**S.R. Chandrika Jayadas**

ആ നല്ല സുന്ദരരാത്രിയിൽ
മഞ്ഞിൽ വിരിഞ്ഞ ആ രാത്രിയിൽ
ആ ദിവ്യ രക്ഷകൻ ഭൂജാതനായി
മാലാഖമാർ അവർ പാടി
ആ... ആ... ആ... ആ... (2)

വഴിയമ്പലങ്ങളിൽ ഇടമൊന്നുമില്ലാതെ
ബേതലഹേമിലേക്കാഗതരായ്
കാലിത്തൊഴുത്ത് അവനായൊരുക്കി
ദൈവകുമാരൻ ജാതനായി
ആ... ആ... ആ... ആ... (2)

യഹൂദന്മാരുടെ രാജാവായ് പിറന്നവൻ
എവിടെയെന്നന്വേഷിച്ചാ വിദ്വാന്മാർ
നക്ഷത്രം നോക്കി അവർ സന്തോഷിച്ചെത്തി
ഉണ്ണിഈശോയെ നമസ്കരിച്ചു
ആ... ആ... ആ... ആ... (2)

നിക്ഷേപപാത്രങ്ങൾ തുറന്നുമൂരും
പൊന്നു-കുന്തുരുക്കങ്ങൾ കാഴ്ചവച്ചു
സ്വപ്നത്തിലുണ്ടായ അരുളപ്പാടിനാൽ
വേറെ വഴിയായ് യാത്രയായി
ആ... ആ... ആ... ആ... (2)

ആ ദിവ്യ രക്ഷകൻ ഭൂമിയിൽ വന്നു
മാനവ പാപങ്ങൾ ക്ഷമിച്ചു തന്നു
നന്ദിയാൽ ദൈവത്തിനു കാഴ്ചകളായിന്ന്
നമ്മെത്തന്നെ നാം സമർപ്പിച്ചിടാം
ആ... ആ... ആ... ആ... (2)

# സത്യം പ്രകാശിക്കട്ടെ

**Zaem Enock**





*ഉൾറിച്ച് സ്വിംഗ്ലി*
*1484–1531*

സഭാ നവീകരണത്തിന് ശരിയായ വ്യക്തികളെ കാലാകാലങ്ങളിൽ ദൈവം നിയോഗിക്കുന്നു.

സഭയിൽ ഉണ്ടാകുന്ന ആശയകുഴപ്പങ്ങളും ഏറ്റക്കുറച്ചിലുകളും മനുഷ്യന്റെ ആത്മീയ ജീവിത മുന്നേറ്റത്തെ തടസ്സപ്പെടുത്തുന്നു.

1484 പുതുവത്സര ദിനങ്ങൾ ആസ്തിരിയയിൽ ആൽബ്സ് മലയിടുക്കിൽ ആട്ടിടയന്റെ മകനായി സ്വിംഗളി ജനിച്ചു. ബാല്യത്തിൽ തന്നെ ജ്ഞാനവും വിവേകവും വേഗതയും ഉന്മേഷവും ഉള്ളവനായി കാണപ്പെട്ടു.

13-ാം വയസ്സിൽ, ദൈവാലയങ്ങളിൽ കാണപ്പെട്ട അധികാര വർഗ്ഗത്തെയും അന്ധവിശ്വാസങ്ങളേയും അജ്ഞതകളേയും കണ്ടു മനപ്രയാസപ്പെട്ടു.

ആഡംബര ആചാരങ്ങൾ വിശുദ്ധവസ്തുക്കളുടെ ആകർഷണീയതകൾ അത്ഭുത സിദ്ധിയുള്ള ബിംബങ്ങൾ എന്നിവയാൽ ആലയം നിറച്ചിരിക്കുന്നത് കണ്ട് ഹൃദയം കലങ്ങി.

എബ്രായഗ്രീക്ക് ഭാഷകളിൽ പാണ്ഡിത്യം നേടിയ സ്വിംഗ്ളി തിരുവചന സത്യങ്ങളിലേക്ക് ആഴ്ന്നിറങ്ങി സത്യം കണ്ടെത്തി ആശ്ചര്യപ്പെട്ടു. പുരോഹിതരുടെ കുരുട്ട് ഭക്തിയും ആഡംഭരവും തിരുവചനം പൂർണ്ണമായി വിശ്വാസികളിൽ എത്തിക്കാതിരിക്കുന്നതും അദ്ദേഹത്തെ ചിന്തിപ്പിച്ചു. അന്നാളുകളിൽ കാണപ്പെട്ട പാപനിവാരണ ചീട്ടിലൂടെ പുരോഹിതരുടെ ആത്മീകതയുടെ പേരിലുള്ള ചൂഷണം ജനങ്ങളിൽ എത്തിക്കാൻ വെമ്പൽ പൂണ്ടു.

എ.ഡി. 1516-ൽ ഐൻഡിസിൽ മഠത്തിൽ പ്രസംഗിക്കാൻ ലഭിച്ച അവസരം റോമൻ കത്തോലിക്ക മാർഗ്ഗത്തിൽ നടമാടുന്ന ആചാരങ്ങളേയും അഴിമതികളേയും പരസ്യപ്പെടുത്താൻ പ്രയോജനപ്പെടുത്തി. വിശ്വാസികളിൽ അടിച്ചേൽപ്പിക്കപ്പെട്ട അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും തിരുവചനാടിസ്ഥാനത്തിൽ തുറന്നു കാട്ടി സത്യത്തിന്റെയും പാത തെളിച്ചു.

അതുകൊണ്ട് പുരോഹിതരിൽ നിന്നും പീഡനങ്ങൾ ഏറ്റുവാങ്ങി. സ്വിറ്റ്സർലാന്റിൽ സഭാ നവീകരണ വിപ്ലവം ആരംഭിച്ചു. നവീകരണ മുന്നേറ്റം കണ്ട് പൗരോഹിത്യവർഗ്ഗം അപായ ശബ്ദം മുഴക്കി. സത്യം മനസ്സിലാക്കിയ

വിശ്വാസികളെ സഭാ ഭൃഷ്ട് കല്പിച്ചു. ഇവരുടെ അപായ ശബ്ദത്തേയും ഭീഷണികളേയും അവഗണിച്ചു കൊണ്ട് പ്രതിസന്ധികളെ നേരിട്ട് കൊണ്ടും സിംഗ്ളിയുടെ ജൈത്രയാത്ര ക്രിസ്തുവിനെ ആധാരമാക്കിക്കൊണ്ടുള്ളതായി തുടർന്നു. രക്ഷപ്പെട്ട വിശ്വാസ സമൂഹവും പൗരോഹിത്യ പിടിയിൽ നിന്നും സ്വിംഗ്ളിയോടൊപ്പം ചേർന്നു.

"സ്നേഹിതരേ, തെറ്റായ ഉപദേശങ്ങളെ കണ്ട് നിങ്ങൾ എന്തു ചെയ്യുന്നു" സ്വിംഗ്ളി. "ദൈവ വചനമല്ലാതെ, ന്യായം നടത്തും നിയമ പുസ്തകമായ് മറ്റൊന്നും ഞാൻ അടയാളമായ് കാട്ടുന്നില്ല" സ്വിംഗ്ളി. 506 വർഷങ്ങൾക്ക് മുമ്പ് ഉളവായ സഭാ നവീകരണത്താൽ രൂപീകൃതമായ പ്രൊട്ടസ്റ്റാന്റ് സഭയെ (സി.എസ്.ഐ.) വിശ്വാസപരമായി 1500 കളിലേക്ക് പിന്നോട്ടടിപ്പിക്കുന്നു. അതിനെ ചെറുത്ത് നാമായിരിക്കുന്നിടങ്ങളിലെങ്കിലും സഭയെ തിരുവചനാടിസ്ഥാനത്തിലാക്കാൻ കൂട്ടായ് പ്രയത്നിക്കാം.

***പ്രാർത്ഥന*** *- ദൈവവചനത്തിന് വിരുദ്ധമായ ഉപദേശങ്ങൾക്ക് ചെവികൊടുക്കാതെ തിരുവചനങ്ങളെ സ്വീകരിക്കാൻ എന്നെ സഹായിക്കേണമേ.*

**We wish all MM Church Members and Readers**
**A Christ Centred Christmas & a Blessed New Year**
***MM Church Congregational Fellowship***

പേജ് 15 ന്റെ തുടർച്ച

ണ്ടുതാനും, മത്തായി 1:21. അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കാനിരിക്കകൊണ്ടു നീ അവന്നു യേശു എന്നു പേർ ഇടേണം ജനത്തെ രക്ഷിക്കുന്നതിനും നയിക്കുന്നതിനും ഉള്ള രക്ഷിതാവാണ് ഇപ്പോൾ ജനിച്ചിരിക്കുന്നത്. തന്റെ പരസ്യ ശുശ്രൂഷാ കാലത്ത് യേശു പലരുടേയും പാപങ്ങൾ മോചിച്ചു. അനേകരെ പാപങ്ങളിൽ നിന്ന് രക്ഷിച്ചു. അന്നത്തെ നേതൃത്വം അതിനെ ചോദ്യം ചെയ്തു എങ്കിലും യേശു നിർഭയനായി ആ ചുമതല നിർവ്വഹിച്ചതായി നാം വായിക്കുന്നു. ഈ ശിശു പാപങ്ങളിൽ നിന്ന് മനുഷ്യരെ രക്ഷിക്കുന്ന രക്ഷിതാവാണ്.

കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് എന്നത് ഒരു സമ്പൂർണ്ണ ബിരുദമാണ്. പുൽത്തൊട്ടിയിൽ ജനിച്ചിരിക്കുന്ന ഈ ശിശു അഥവാ യേശു ദൈവമാണ്. അവൻ ദാവീദിന്റെ വംശപരമ്പരയിൽപ്പെട്ട രാജകുമാരനാണ്. ജനത്തിനു വേണ്ടി ദൈവത്തെ പ്രതിനിധീകരിക്കുന്ന പുരോഹിതനും, പ്രവാചകനും മദ്ധ്യസ്ഥനും അഭിഷിക്തനും ആണ്. നിത്യനായ ദൈവം ദാവീദിന്റെ പട്ടണമായ ബേദ്ലഹേമിൽ ഒരു പുൽത്തൊട്ടിയിൽ ശിശുവായി ജനിച്ചിരിക്കുന്നു. അതുകൊണ്ട് ജനമേ, ഭയപ്പെടേണ്ട സർവ്വജനത്തേയും സന്തോഷിപ്പിച്ചുകൊണ്ട് ആ വാർത്ത ഒരിക്കൽകൂടി നമുക്ക് ചെവികളിൽ മുഴങ്ങുകയാണ്. മനുഷ്യനെ പുതുസൃഷ്ടിയാക്കുന്നതിനുള്ള ദൈവത്തിന്റെ മഹത്തായ യത്നം, ദൈവം തന്നെ മനുഷ്യനായി! അതാണ് ദൈവത്തിന്റെ മഹത്വം.

# MM Church - 116th Church Day Song



(Composed by : **Dr. Samson Nessiah**)

മറ്റീർ സ്മാരക സഭയിൽ നൂറ്റിപതിനാറാം ചർച്ച് ഡേ
സാമോദമായാഘോഷിക്കാം സോദരരേ നാം
തേടി നമ്മെ ഇഹേ വന്നു നാടിനം പിതാക്കളോടു
കാട്ടിയ, സുവിശേഷം ഊട്ടിയ, ഇരുളെങ്ങും മാറ്റിയ
റിങ്കൾടോബി സാരഥിയേം ഓർത്തിന്നു നാം... (മറ്റീർ സ്മാരക...)

1. പേട്ടയിൽ ജോൺ റോബർട്ട്സിന്റെ വീട്ടിൽ കൂട്ടായ്മ തുടങ്ങി
പാളയത്തിൽ ആലയമായ് പിന്നെ വളർന്നു
ശ്രേഷ്ഠമാം ആരാധനയിൽ ആരാധകർ വർദ്ധിച്ചപ്പോൾ
നോട്ടമിട്ടു ബൃഹത്തായൊരാലയത്തിനായ്
അത്തരത്തിൽ ഇന്നുള്ളതാം എൽ.എം.എസ്. കോമ്പൗണ്ടും വാങ്ങി
തീർത്തന്നു, നഗരത്തിൻ കേന്ദ്രത്തിൽ, സുന്ദരമാം ആലയം
മിഷണറി സാമുവൽ മെറ്റീർ സ്മാരകമായ് (മറ്റീർ സ്മാരക...)

2. ശിൽപ വിദ്യ നിർഭരമാം ഗ്രാനൈറ്റിൽ നിർമ്മിതമായ
കൽപ്പനാതീതമാണിന്നി കർത്തൃഭവനം
ആർതർ പാർക്കർ നേതൃത്വത്തിൽ പ്രാദേശികർ നിർമ്മിച്ചതാം
ആലയം അനന്തപുരിക്കാകർഷകമായ്
എസ്.ജ്ഞാനാഭരണം, എ.കെ.ബസ്റ്റൗ, പി.ജോൺ, എൽ. റിച്ചർഡ്സൺ
ഏവരേം, മറ്റു നിർമ്മാതാക്കളേം, പള്ളിപ്പണി ചെയ്തോരേം
നന്ദിയോടിന്നോർത്തിടാം സോദരരേ നാം (മറ്റീർ സ്മാരക)

3. കോവിഡിൻ കൊടൂര മഹാ മാരിയാൽ നശിച്ചീടാതെ
കാത്തവനാം കർത്തനു നാം സ്തോത്രം ചൊല്ലീടാം
രണ്ടായിരത്തഞ്ഞൂറോളം ക്രൈസ്തവ കുടുംബങ്ങളും
പണ്ടേയുള്ള സണ്ടേസ്കൂളും, സി.ഇ.വൈ.എഫും
സ്ത്രീജന സഖ്യമതും, മെൻസ് ഫെല്ലോഷിപ്പും, ഗോസ്പൽ ബാന്റും
വൈ.എഫ്.എഫ്., ബി.സി.എല്ലും, ജെ.സി.എഫ്, എസ്.സി.എഫും മാത്രമല്ല,
ശ്രേഷ്ഠമായ ഗായക സംഘവും ഉണ്ട്... (മറ്റീർ സ്മാരക)

4. മുന്നാളിൽ നമ്മെ നയിച്ച മുൻ നിര പട്ടക്കാരെയും
അന്നാളിൻ ഐമേനിമാരാം നേതാക്കളേയും
ഇന്നാളിൽ നമ്മെ നടത്തും നൽ സഹനമച്ചനായും
ഉന്നതനെ ഇന്നു നമ്മൾ സ്തോത്രം ചെയ്തീടാം
ഇന്നത്തെ പ്രവാസം തീർന്നു മന്നവൻ തൻ വൻകൃപയാൽ
നമ്മുടെ, സഭയതിൽ മടങ്ങി, ദൈവത്തെ അരാധിപ്പാൻ
ഉന്നതൻ തൻ സൽകൃപയ്ക്കായ് യാചിച്ചീടാം (മറ്റീർ സ്മാരക...)

# പാപികളുടെ രക്ഷകന്റെ തിരുപിറവി



**J. Dhanabai**

*Continuation of Page 23 of MM Church Church Voice
Vol. 20, No. 1-3 Newsletter, MM Church January 2022*

**1. പാപം എന്നാൽ എന്ത്?**

- പാപം നമ്മെ ദൈവതേജസ്സ് ഇല്ലാത്തവരായി തീർക്കുന്നു (റോമർ 3:23)
- പാപം അധർമ്മം തന്നെ (1 യോഹ. 3:5)
- ഏതു അനീതിയും പാപം ആകുന്നു (1 .. 5:17)
- ഗർവ്വമുള്ള കണ്ണും, അഹങ്കാര ഹൃദയവും പാപം തന്നെ.
- പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു (1 യോഹ. 3:8)
- വിശ്വാസമുള്ള ദുഷ്ട ഹൃദയം അത് ജീവനുള്ള ദൈവത്തെ ത്യജിച്ചുകളവാൻ ഇടയാക്കുന്നു (എബ്രാ. 3:12)
- ക്ഷുദ്രം ചെയ്യുക, ദുർന്നടപ്പ്, കുലപാതകം ചെയ്യുക, ബിംബങ്ങളെ ആരാധിക്കുക, ഭോഷ്കിൽ പ്രിയപ്പെടുക (വെളി. 22:15)
- പുറപ്പാടു പുസ്തകത്തിൽ നാം ചെയ്യരുതെന്നു ദൈവം പറയുന്ന കാര്യങ്ങൾ ചെയ്യുക (പുറ. 20:3–17)
- അന്യായം ചെയ്യുക, ദുർന്നടപ്പ്, വിഗ്രഹാരാധന (1 കൊരി. 6:9,10)
- ഭീരുത്വം, അവിശ്വാസം, കുലപാതകം, ഭോഷ്ക് (വെളി. 21:8)

**2. പാപത്തിന്റെ ഫലം എന്ത്?**

- മരണം (റോമർ 6:23)
- പാപത്തോടു സെൻസിറ്റീവ്നെസ്സ് ഇല്ലാത്ത മരിച്ച അവസ്ഥ (ലൂക്കൊ. 15:24)
- ന്യായവിധി (യോഹ. 3:18)
- മൗഢ്യവും ദോഷകരവുമായ പലവിധ മോഹങ്ങൾ, ദ്രവ്യാഗ്രഹം (1 തിമൊ. 6:9–10)
- നിത്യദണ്ഡനം (മത്താ. 25:46)
- നിത്യാഗ്നി (യൂദ. 7)
- പിശാചിനും തന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നി (മത്താ. 25:41)
- ഗന്ധക തീയിലുള്ള രാപ്പകൽ ദണ്ഡനം (വെളി. 20:10)
- തീയും ഗന്ധകവും കത്തുന്ന പൊയ്ക (വെളി. 21:8)

**3. പാപത്തിന്റെ പരിഹാരം എന്ത്?**

- പാപം ചെയ്ത് കഴിയുമ്പോഴുള്ള കുറ്റബോധം ആയുസ്സു പരന്ത്യം

മനുഷ്യനെ അലട്ടിക്കൊണ്ടിരിക്കും. അവന്റെ സമാധാനം നഷ്ടപ്പെടും. ഇയ്യോ. 9:30,31. "ഞാൻ ഹിമം കൊണ്ട് എന്നെ കഴുകിയാലും ക്ഷാര ജലം കൊണ്ട് എന്റെ കൈകളെ വെടിപ്പാക്കിയാലും നീ എന്നെ ചേറ്റു കുഴിയിൽ മുക്കിക്കളയും" (ഒരു മനുഷ്യനും പാപത്തിൽ നിന്നു തന്നെ തന്നെ ശുദ്ധീകരിപ്പാൻ കഴിയുകയില്ല).

- "നീ ധാരാളം ചവർക്കാരം തേച്ചു ചാര വെള്ളം കൊണ്ടു കഴുകിയാലും നിന്റെ അകൃത്യം എന്റെ മുമ്പിൽ മലിനമായിരിക്കുന്നു എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്" (യിരെമ്യാ. 2:22).
- പാപത്തിന്റെ ഏക പരിഹാരം മനുഷ്യ ജാതിയുടെ പാപപരിഹാരത്തിനായി ക്രൂശിതനായി ഉയിർത്തെഴുന്നേറ്റ ക്രിസ്തു എന്ന കുഞ്ഞാടു മാത്രം.
- യോഹ. 1:29 "ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്".
- The remedy for sin is forgiveness through the blood of Christ (എഫെ. 1:7) ആയതിനാൽ, നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പുണ്ട്.
- അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. (1 യോഹ. 1:7)
- No man is without sin. Therefore, we need a Saviour ഗലാ. 3:22 - വിശ്വസിക്കുന്നവർക്കു വാഗ്ദത്തം യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ ലഭിക്കുന്നു. Christ is the required Saviour. He alone was without sin. അവനു മാത്രമെ നമ്മെ പാപങ്ങളിൽ നിന്നു രക്ഷിപ്പാൻ കഴിയൂ.
- 2 കൊരി. 5:21 - പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിനു അവൻ നമുക്കുവേണ്ടി പാപം ആക്കി.
- എബ്രാ. 4:15-നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല. പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്.
- 1 യോഹ. 3:5 - പാപങ്ങളെ നീക്കുവാൻ അവൻ പ്രത്യക്ഷനായി. അവനിൽ പാപം ഇല്ല.
- 1 പത്രൊ. 2:22 - അവൻ പാപം ചെയ്തിട്ടില്ല. അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല.

**4. ഒരു പ്രാർത്ഥന**

- Lord, teach me to see the exceding sinfulness of sin - റോമർ 7:13-25
- സങ്കീ. 97:10 - teach me to hate sin
- 1 യോഹ. 1:9 - Lord, teach me to confess my sin
- സദൃ. 28:13 - തന്റെ ലംഘനങ്ങളെ ഏതു മറെക്കുന്നവനു ശുഭം വരികയില്ല. അവയെ ഏറ്റു പറഞ്ഞു ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും.

- സങ്കീ. 119:18 – നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ട തിനു എന്റെ കണ്ണുകളെ തുറക്കേണമേ.
- യോഹ. 3:15 – അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കും.
- അവനിൽ വിശ്വസിക്കുന്നവനു ന്യായവിധി ഇല്ല. വിശ്വസിക്കാത്തവനു തന്റെ ഏക ജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായ വിധി വന്നു കഴിഞ്ഞു.
- ന്യായവിധി എന്നതു വെളിച്ചം (യേശു) ലോകത്തിൽ വന്നിട്ടും മനുഷ്യൻ അവനെക്കാൾ ഇരുളിനെ (പാപത്തെ) സ്നേഹിച്ചതു തന്നെ. തിന്മ പ്രവർത്തിക്കുന്നവൻ വെളിച്ചത്തെ പകയ്ക്കുന്നു.

**5. ഉപസംഹാരം**

ക്രിസ്തുമസ്സ് ഇതുവരെ അനുഭവിച്ചിട്ടില്ലാത്തവരിലേക്ക് യേശുക്രിസ്തുവിന്റെ സന്ദേശവുമായി നമുക്ക് കടന്നുചെല്ലാം. ഈ ക്രിസ്തുമസ്സ് ദിനത്തിൽ മറ്റാരെക്കാളും മറ്റ് എല്ലാറ്റിനെക്കാളും നമ്മെ നാം സ്നേഹിക്കുന്നതിലുപരിയായി കർത്താവിനെ സ്നേഹിപ്പാനും അനുസരിപ്പാനും വിശ്വസിപ്പാനും, ആശ്രയിപ്പാനും, നമുക്കു തീരുമാനിക്കാം. അതിന് സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കട്ടെ.

ക്രിസ്തുവിന്റെ സമാധാനവും, സന്തോഷവും നന്മയും എല്ലാവർക്കും ആശംസിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.



**ഇന്നു നാം കാണേണ്ട
നക്ഷത്രശോഭ,
നാം വാങ്ങിച്ചു തൂക്കിയിടുന്ന
നക്ഷത്ര വിളക്കുകളുടെ
ക്ഷണിക ശോഭയല്ല,
കാൽവരി കുരിശിൽ തൂക്കപ്പെട്ട
ഉദയനക്ഷത്രത്തിന്റെ
നിത്യരക്തശോഭയായിരിക്കിണം**

**കുരിശിൽ തൂക്കപ്പെട്ട നക്ഷത്രം
'നക്ഷത്രവിളക്കുകൾ'ക്കിടയിൽ മറഞ്ഞുപോകരുത്**

BIBLE QUIZ

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the Epistle to Romans Chapter 11 to 16 and First Epistle to Corinthians 1 to 4. Kindly, read these ten chapters before attempting the quiz. Paul is stressing about unity inside the Church in the reading portion. He reiterates that Christ and He alone is the head of the Church.

Please substantiate your answers by stating references (verse) from the Bible. The questions are prepared from the New International Version (NIV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam before December 31st through email at churchvoicequiz@gmail.com

*Those who are writing answers on paper, kindly use a single side to write the answers and write the name on the same side before taking the photo.*
*After taking a photo make sure that the answers are readable before sending it.*
*Email is the only mode of communication.*

*The Bible Quiz can be downloaded every month using the URL https://is.gd/cvquiz*
*You can also scan the QR code to go to the link.*

1.What is a matter of righteousness, peace and joy in the Holy Spirit?
2.Who makes judgements about (discerns) all things?
3.Paul belonged to which tribe?
4.Who was a servant of the church in Cenchrea?
5.Who baptized Crispus?
6.Clothe yourselves with the ..............................
7.What will test the quality of each man's work?
8.God has put whom on display at the end of the procession, like men condemned to die in the arena?
9.Who were pleased to make a contribution for the poor among the saints in Jerusalem?
10.What should we do to those who persecute us?

*Read the instructions given above before submitting the answers. Those answers submitted without following the instructions will not be valued along with correct submissions.*

The correct answers to the quiz from Romans 1 to 10

1. For those who are in Christ Jesus (Rom. 8:1)
2. Trouble and distress (Rom. 2:9)
3. Both to Greeks and non-Greeks, both to the wise and the foolish (Rom. 1:14)
4. The law (Rom. 3:20)
5. The sinful nature (Rom. 7:25)
6. David (Rom. 4:6)
7. Isaiah (Rom. 9:7)
8. Eternal life in Christ Jesus our Lord (Rom. 6:23)
9. Moses (Rom. 10:5)
10. God's love (Rom. 5:5)

*List of people who had submitted the right answers*

1.Sujana Satish
2.Meehal Godwin
3.Helen Saramma E. H.
4.Jolly David
5.Gladis J.
6.Latha Job
7.J. Sumangala
8.Dora Johnson
9.Rajesh John Ross
10.Girly Rajesh Ross
11.Lalitha Jacob
12.Soben S. L.
13.Nesakumari Davidson

*List of people who got all answers correct except one*

Jacob J.

Additional names for list of those who submitted the right answers in the last edition

Helen Saramma E. H.

## ചർച്ച്‌വോയ്സ് ബൈബിൾ ക്വിസ്സ് മലയാളം പരിഭാഷ

**ഡിസംബർ 2022 റോമർ 11–16, 1 കൊരിന്ത്യർ 1–4**

**എല്ലാ മാസവും ഇംഗ്ലീഷിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വായിച്ചതിനുശേഷം ഉത്തരങ്ങൾ എഴുതുക. നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സമർപ്പിക്കുന്ന ഉത്തരങ്ങൾ മറ്റുള്ളവയുടെ കൂടെ പരിഗണിക്കുകയില്ല.**

1. നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും ആയതെന്ത്?
2. സകലത്തെയും വിവേചിക്കുന്നത് ആര്?
3. പൗലൊസ് ഏതു ഗോത്രക്കാരൻ?
4. കെംക്രെയ സഭയിലെ ശുശ്രൂഷക്കാരത്തിയായിരുന്നത് ആര്?
5. ക്രിസ്പൊസിനെ സ്നാനം കഴിപ്പിച്ചതാര്?
6. തന്നേ ധരിച്ചുകൊൾവിൻ.
7. ഓരോരുത്തന്റെ പ്രവൃത്തി ഇന്നവിധം എന്നു എന്തു ശോധന ചെയ്യും?
8. ദൈവം ഒടുക്കത്തവരായി മരണവിധിയിൽ ഉൾപ്പെട്ടവരെപ്പോലെ നിറുത്തിയത് ആരെ?
9. യെരൂശലേമിലെ വിശുദ്ധന്മാരിൽ ദരിദ്രരായവർക്ക് ഏതാനും ധർമ്മോപകാരം ചെയ്വാൻ ഇഷ്ടം തോന്നിയത് ആർക്ക്?
10. നമ്മെ ഉപദ്രവിക്കുന്നവരെ എന്തു ചെയ്യണം?

## OBITUARY

| Sl No | Family No | Name |
|---|---|---|
| 1 | 1215 | **Johnsle Tilak**<br>Allieds, TC 26/2012/13, Tutors Lane,<br>Statue, Thiruvananthapuram<br>Died On : 7-12-2022<br> |



3rd Anniversary of Eternal Life
**14-12-2022**

# V. K. ALBERT

**Retd. Assistant Director**
**Dept. Of Survey & Land Records**

*With gratitude we remember,*

A life THAT taught AND SHOWED us (how)
to KEEP LORD AS THE FIRST PRIORITY

***By loving family:***
***K.Kesi Roselet (Wife), Children, Grandchildren & Family members***

## നിത്യതയിൽ പത്ത് വയസ്സ്

**13-01-2023**



# കെ. സരസമ്മ

(റിട്ട. സീനിയർ അക്കൗണ്ടന്റ്)
W/o സൈറസ്സ് ഇ., ചിറക്കുളം റോഡ്

പ്രത്യാശയോട് ജീവിച്ച്, പ്രത്യാശയോട് കടന്നുപോയ
ഞങ്ങളുടെ സ്നേഹനിധിക്ക് മറക്കാനാവാത്ത
ഓർമ്മകളോടുകൂടിയ സ്നേഹാദരങ്ങൾ സമർപ്പിക്കുന്നു

*സമസ്ത കുടുംബാംഗങ്ങൾ*

# MM Church Sunday School Anniversary



























